374/cet/19

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-23249
email: celsgd@gmail.com
website: www.celsgd.kerala.gov.in

ഇ18/4089/14/സിഇ/എൽ.എസ്.ജി.ഡി

തീയതി 11.01.2019

# സർക്കുലർ

വിഷയം: തദ്ദേശസ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ വിരമിക്കൽ സമയത്ത് - അന്തിമ NLC - നൽകുന്നത് - സംബന്ധിച്ച്

സൂചന:
1. G.O(P)No.185/2002/Fin, dated:27.03.2002, (ധനകാര്യ പെൻഷൻ-B) വകുപ്പ്
2. G.O(P)No.803/2002/Fin, dated:30.12.2002, (ധനകാര്യ പെൻഷൻ-B) വകുപ്പ്
3. സർക്കുലർ നം.64/2014/ധന തീയതി: 21.06.2014 (ധനകാര്യ പെൻഷൻ-B) വകുപ്പ്
4. KSR Part III Rule 3-A(a)

തദ്ദേശസ്വയം ഭരണ വകുപ്പിലെ നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ പെൻഷൻ പ്രോപ്പോസൽ അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ സമർപ്പിക്കുന്നത് അതാത് ജില്ലാ നിയന്ത്രണ അധികാരികൾ നേരിട്ടാണ് ടി ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുമ്പോൾ, അച്ചടക്ക നടപടി/വിജിലൻസ് കേസുകൾ/ഓഡിറ്റ് പരമായ ബാധ്യതകൾ എന്നിവ ഇല്ലായെന്ന് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഉറപ്പ് വരുത്തേണ്ടതാണ്. ആയതിലേക്കായി, ഈ കാര്യാലയത്തിൽ നിന്നും, പെൻഷൻ പ്രൊപ്പോസൽ, AG ക്ക് സമർപ്പിക്കുന്നതിന് മുൻപേ, NLC/NOC ലഭ്യമാക്കേണ്ടതാണ്. ടി ജീവനക്കാരുടെ മേൽ അച്ചടക്ക നടപടി/വിജിലൻസ് കേസ് നിലനിൽക്കുന്നുണ്ടെങ്കിൽ, സൂചന (1),(2) സർക്കാർ ഉത്തരവ് പ്രകാരവും സൂചന (4) KSR Part III Rule 3-A(a) പ്രകാരവും താൽക്കാലിക പെൻഷൻ മാത്രമേ അനുവദിക്കുവാൻ പാടുള്ളൂ. കൂടാതെ, ടി ജീവനക്കാരുടെ പേരിൽ ഓഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി തടസ്സമുണ്ടെങ്കിൽ സൂചന (4) പ്രകാരമുള്ള സർക്കുലറിൽ പരാമർശിക്കുന്ന സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിൽ DCRG അനുവദിച്ച് നൽകേണ്ടതാണ്. ആയതിനാൽ നോൺ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ പെൻഷൻ അനുവദിച്ചു നൽകുന്ന എല്ലാ നിയന്ത്രണ അധികാരികളും, പെൻഷൻ പ്രൊപ്പോസൽ, AG ക്ക് സമർപ്പിക്കുന്നതിന് മുൻപേ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും NLC ലഭ്യമാക്കേണ്ടതും, മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്:- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ എല്ലാ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾക്കും

ഷാ/-